# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6927 — 13.07.2012 ൽ മറുപടിയ്ക്ക്

## വർക്കർ ഗ്രേഡ്-II നിയമനത്തിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |

എ) അങ്കമാലി നിയോജകമണ്ഡലത്തിലെ നീലീശ്വരം കരയിൽ കിടങ്ങേൻ വീട്ടിൽ ശ്രീ. കെ. സി. ചാക്കുവിന് ലഭിക്കേണ്ടിയിരുന്ന വർക്കർ ഗ്രേഡ്-II നിയമനം ജലവിഭവ വകുപ്പിൽ സംഭവിച്ച ക്ലറിക്കൽ തെറ്റുകൾ നിമിത്തം നിഷേധിക്കപ്പെട്ടത് പരിഹരിച്ചു കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ;

എ) 20.01.1990 തീയതിയിലെ ജി.ഒ(പി)6/90/ പി.ഡബ്ല്യൂ & റ്റി പ്രകാരം 19.05.1983-ലോ അതിനു മുമ്പോ സി.എൽ.ആർ വർക്കറായി പ്രവർത്തിയെടുക്കുകയും 01.04.1987-നകം 500 ദിവസം പൂർത്തിയാക്കുകയും ചെയ്തവരെ വർക്കറായി റഗുലറൈസ് ചെയ്യാനും 500-ൽ താഴെ പ്രവർത്തി ദിവസങ്ങളുള്ളവരെ എസ്.എൽ.ആർ വർക്കറായി അബ്സോർബ് ചെയ്യാനുമാണ് തീരുമാനിച്ചിരുന്നത്. ശ്രീ. കെ.സി. ചാക്കു 31.05.2006-ൽ എസ്. എൽ.ആർ വർക്കറായി വിരമിക്കുന്നതുവരെ മേൽ യോഗ്യത (500 ദിവസം) തെളിയിക്കുന്ന രേഖകളൊന്നും തന്നെ ലഭ്യമായിരുന്നില്ല. എന്നാൽ എറണാകുളം എം.ഐ.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, 18.08.2009-ലെ എ3/1091/03 കത്തു പ്രകാരം, ബന്ധപ്പെട്ട ക്യാഷ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും ടിയാൻ 509 ദിവസം പ്രതിദിനവേതനം വാങ്ങിയതായി റിപ്പോർട്ടു ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലും ശ്രീ.കെ. സി.ചാക്കുവിന്റെ നിരന്തരമായ അഭ്യർത്ഥനകൾ മാനിച്ചും മാനുഷിക പരിഗണന നൽകി ടിയാന്റേത് പ്രത്യേക വിഷയമായി പരിഗണിക്കണമെന്ന് ചീഫ് എഞ്ചിനീയർ

(....2)

(ഐ&എ) സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി കൂടുതൽ രേഖകൾ/വിശദാംശങ്ങൾ ആവശ്യമായതിനാൽ അവ ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയറോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിച്ചു വരികയാണ് എന്നും ആയത് അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കുന്നതാണ് എന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ബി) പ്രസ്തുത അപേക്ഷയിന്മേൽ എന്ന് നടപടി സ്വീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ബി) ചീഫ് എഞ്ചിനീയർ ലഭ്യമാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ